ഓരോ കുട്ടിയും മികവിലേക്ക്

# സ്കൂൾ അക്കാദമിക് മാസ്റ്റർ പ്ലാൻ



## 2025-26

കൊളത്തൂർ എ.യു.പി. സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

**ആമുഖം**

ഒരു വിദ്യാലയത്തിൽ പുരോഗതിക്കും വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിനും അടിസ്ഥാനം ചിട്ടയായ ആസൂത്രണമാണ്. നൂതനമായ അധ്യാപന രീതികളും മൂല്യബോധവും കുട്ടികളിൽ എത്തിക്കുന്നതിനായി ഗുണമേന്മയുള്ള അക്കാദമിക ഇടപെടലുകൾ അത്യാവശ്യമാണ്. ഓരോ വിദ്യാഭ്യാസ വർഷത്തിലും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും പ്രവർത്തനങ്ങൾ ഫലപ്രദവും ലക്ഷ്യബോധവുമുള്ളതായ വിധത്തിൽ നടപ്പാക്കാൻ സഹായിക്കുന്നതാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ. ഓരോ ക്ലാസിലെയും വിഷയങ്ങളിലെയും പഠനലക്ഷ്യങ്ങൾ വ്യക്തമായി നിർണയിക്കപ്പെടുകയും ആ ലക്ഷ്യങ്ങൾ കൈവരിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും ഇതുപകരിക്കുന്നു. അധ്യാപക ശാക്തീകരണവും തുടർച്ചയായ വിലയിരുത്തലുകളും രക്ഷിതാക്കളുടെ ഇടപെടലുമെല്ലാം പ്ലാനിങ്ങിന്റെ ഭാഗമാകുന്നു. സ്കൂളിലെ ഓരോ വിദ്യാർത്ഥിയും ആത്മവിശ്വാസത്തോടെ തന്റെ ഭാവിയെ രൂപപ്പെടുത്താൻ കഴിവുള്ള ഒരു മികച്ച പൗരനായി വളരട്ടെ എന്നതാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിങ്ങളിലൂടെ ഞങ്ങൾ ലക്ഷ്യമിടുന്നത്.

# ചരിത്രം

1932-33 കാലഘട്ടങ്ങളിൽ വാഴയിൽ ശ്രീ. സി.പി. രാഘവൻ നായർ നിരാലംബരായ നിരക്ഷരരായ ഒരു സമൂഹത്തെ ഉന്നതിയിലേക്ക് കൊണ്ടുവരിക എന്ന ലക്ഷ്യം മുൻനിർത്തി തുടക്കമിട്ടതായിരുന്നു കൊളത്തൂർ ഹയർ എലമെന്ററി സ്കൂൾ. അചഞ്ചലമായ ആത്മവിശ്വാസവും അർപ്പണബോധവും മൂലധനമാക്കി സമൂഹത്തിന്റെ സർവ്വതോന്മുഖമായ പുരോഗതിയും ഉന്നമനവും ലക്ഷ്യം വെച്ചുകൊണ്ട് തച്ചോറക്കൽ പറമ്പിൽ തുടക്കം കുറിച്ച ഈ വിദ്യാലയം കാലക്രമേണ കൊളത്തൂർ എ.യു.പി. സ്കൂളായി നാമകരണം ചെയ്യപ്പെട്ടു. ഒറ്റ അധ്യാപകനും വളരെ ചുരുക്കം കുട്ടികളും കൊണ്ട് തുടക്കം കുറിച്ച ഈ സ്ഥാപനം ഇന്ന് സാമൂഹിക സാംസ്കാരിക പ്രതിബദ്ധതയുടെ ഉജ്ജ്വല ഉദാഹരണമായി വളർന്നു കഴിഞ്ഞു. ശ്രീമതി കെ. ഇന്ദിര മാനേജരും ശ്രീമതി പി.എ. ആബിദ ഹെഡ്മിസ്ട്രസുമായ ഈ വിദ്യാലയത്തിൽ 15 അധ്യാപകരും ഇരുന്നൂറോളം വിദ്യാർത്ഥികളുണ്ട്.

സമൂഹത്തിന്റെ സ്പന്ദനങ്ങൾക്കും, നാടിന്റെ പ്രതീക്ഷകൾക്കും ഒപ്പം നിന്നുകൊണ്ട് സാമൂഹിക മുന്നേറ്റത്തിന് വേണ്ടതെല്ലാം ഇന്നിവിടെ സജ്ജമായിക്കഴിഞ്ഞു.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | എ.യു.പി. എസ്. കൊളത്തൂർ |
| മേൽവിലാസം | : | കൊളത്തൂർ പി.ഒ, അത്തോളി പി.ഒ., കോഴിക്കോട്-673315 |
| ഫോൺ | : | |
| സ്കൂൾ കോഡ് | : | 47560 |
| വിദ്യാഭ്യാസ ഉപജില്ല | : | ബാലുശ്ശേരി |
| വിദ്യാഭ്യാസ ജില്ല | : | താമരശ്ശേരി |
| റവന്യു ജില്ല | : | കോഴിക്കോട് |
| ബി.ആർ.സി. | : | ചേളന്നൂർ |
| സി.ആർ.സി. | : | |
| ഗ്രാമപഞ്ചായത്ത് | : | നന്മണ്ട |
| ബ്ലോക്ക് പഞ്ചായത്ത് | : | ചേളന്നൂർ |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| നിയമസഭാ മണ്ഡലം | : | എലത്തൂർ |
| ലോകസഭാ മണ്ഡലം | : | കോഴിക്കോട് |
| താലൂക്ക് | : | കോഴിക്കോട് |
| വില്ലേജ് | : | നന്മണ്ട |
| ഇ.മെയിൽ വിലാസം | : | aupskolathur@gmail.com |

| | | |
|---|---|---|
| ഹെഡ്മിസ്ട്രസ് | : | ആബിദ പി.എ |
| മാനേജർ | : | ഇന്ദിര കെ. |
| പി.ടി.എ. പ്രസിഡണ്ട് | : | സുരേഷ് മഞ്ഞപ്പാലം |
| എം.പി.ടി.എ ചെയർ പേഴ്സൺ | : | ഷിനി രഞ്ജിത്ത് |
| സീനിയർ അസിസ്റ്റന്റ് | : | സൗദാബീവി ഒ.പി. |
| സ്റ്റാഫ് സെക്രട്ടറി | : | അജിഷ ബി. |
| ഓഫീസ് അറ്റന്റന്റ് | : | അരുൺ വിഷ്ണു. സി. |
| എസ്.ആർ.ജി കൺവീനർ യു.പി | : | പി.കെ. സിന്ധു |
| കൺവീനർ എൽ.പി. | : | സഹില എൻ. |
| ഷൈജു പി.സി. | : | UPST |
| രാഹുൽ എസ്. | : | Sanskrit Tr. |
| ദിൽഖുഷ് യു.എസ്. | : | LPST |
| സവിത കെ. | : | UPST |
| ധന്യ പി.കെ. | : | Urdu Tr. |
| ഷാന നസ്റിൻ ടി.പി. | : | UPST |
| സ്വാതി കെ. | : | UPST |
| മുഹമ്മദ് ദാനിഷ് | : | LPST |
| ശ്രീലക്ഷ്മി ഒ.കെ. | : | UPST |
| ശ്രുതി ടി. | : | UPST |

മേഖല: **ഭാഷാ പഠനം**

വിഷയം: **മലയാളം**

എല്ലാ വിദ്യാർത്ഥികളേയും അർത്ഥപൂർണ്ണമായ വായന, എഴുത്ത്, ആസ്വാദനം, അവതരണം എന്നീ മേഖലകളിൽ പിന്നോക്കാവസ്ഥ പരിഹരിച്ചുകൊണ്ട് മികവുറ്റ വരാക്കി മാറ്റുക എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തിയെടുക്കുക, സർഗാത്മക രചനയ്ക്ക് അവസരം സൃഷ്ടിക്കുക, വായനാശീലം വളർത്തിയെടുക്കുക എന്നീ ലക്ഷ്യങ്ങളും മലയാള വിഷയത്തെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമർഹിക്കുന്നു.

## യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം/സാമഗ്രികൾ | ചുമതല/സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കിൽ<br>- എഴുത്ത് -<br>(ഭാഷയുടെ അടിസ്ഥാനശേഷി വികാസം) | • പ്രീ- ടെസ്റ്റ് (ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക്)<br>• അക്ഷരം, ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>• വാക്കുകൾ നിർമിക്കുക<br>• വാക്യങ്ങൾ നിർമിക്കുക (വാക്കുകളിൽ നിന്നും വാക്യങ്ങളിലേക്ക്)<br>• ചിത്രം- അടിക്കുറിപ്പ്<br>• കഥാപൂരണം | ജൂൺ മുതൽ ഡിസംബർ വരെ | അക്ഷരകാർഡ്<br>വായന കാർഡ്<br>ചിത്രങ്ങൾ | SRG<br>മലയാളം അധ്യാപകർ |
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ<br>- വായന -<br>(ഭാഷയുടെ അടിസ്ഥാനശേഷി വികാസം) | • (ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക്)<br>• ക്ലാസ് ലൈബ്രറി ശാക്തീകരണം<br>• (ഒരു കുട്ടി ഒരു പുസ്തകം ക്ലാസ് ലൈബ്രറിയിലേക്ക്)<br>• ശ്രാവ്യവായന<br>• വായനക്കൂട്ടം- വായനമൂല | ജൂൺ മുതൽ ഡിസംബർ വരെ | ക്ലാസ് ലൈബ്രറി<br>വായനാ കാർഡ്<br>പത്രം | SRG<br>മലയാളം അധ്യാപകർ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | • സ്കൂൾ ലൈബ്രറി<br>• സമീപ ഗ്രന്ഥശാലകളിൽ അംഗത്വം<br>• പത്രവായന<br>• പ്രതിമാസ ക്വിസ് (Quiss whiz)<br>• വായനാനുഭവം പങ്കുവെക്കൽ<br>• ദിനാചരണങ്ങൾ<br>• വായനാക്കുറിപ്പ്- പതിപ്പ് | അക്കാദമിക വർഷം | ആനുകാലിക പ്രസിദ്ധീകരണങ്ങൾ<br>മധുരം മലയാളം<br>മാധ്യമം വെളിച്ചം | വിദ്യാരംഗം<br>കലാസാഹിത്യ വേദി<br>SRG |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം/സാമഗ്രികൾ | ചുമതല/സാമ്പത്തികം |
|---|---|---|---|---|
| സാഹിത്യകൃതികളോടും സാഹിത്യകാരന്മാരോടുമുള്ള അനുകൂല മനോഭാവം പ്രോത്സാഹിപ്പിക്കുക. (കുട്ടികളിലെ സർഗശേഷി വളർത്തിയെടുക്കൽ) | • വിവിധ സാഹ്യത്യശാഖകൾ പരിചയപ്പെടുത്തൽ<br>• സൃഷ്ടികൾ പരിചയപ്പെടുത്തൽ<br>• ഫീൽഡ് ട്രിപ്പ് (സാഹിത്യലോകം പരിചയപ്പെടാം)<br>• അഭിമുഖങ്ങൾ, സംവാദങ്ങൾ<br>• കഥാപാത്രാവിഷ്കാരം<br>• കേൾക്കാം ഒരു കഥ (Audio) | അക്കാദമിക വർഷം | Audio | വിദ്യാരംഗം<br>കലാസാഹിത്യവേദി<br>മലയാളം അധ്യാപകർ |
| വിദ്യാർത്ഥികളിലെ കലാവാസനകളെ പരിപോഷിപ്പിക്കൽ | • വിദഗ്ദരായ പ്രാദേശിക കലാകാരന്മാരെ ഉപയോഗപ്പെടുത്തിക്കൊണ്ട് ശിൽപശാലകൽ സംഘടിപ്പിക്കൽ - നാടകം, നാടൻപാട്ട്<br>• ചിത്രരചന - കഥ, കവിത | അക്കാദമിക വർഷം | | വിദ്യാരംഗം<br>കലാസാഹിത്യ വേദി<br>SRG |

# സംസ്കൃതം
## അക്കാദമിക് മാസ്റ്റർ പ്ലാൻ
## ക്ലാസ് 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം/സാമഗ്രികൾ | ചുമതല/സാമ്പത്തികം |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യാഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>യു.പി. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | **1. ഭാഷാ ജ്ഞാനം**<br>• അക്ഷരം എഴുത്ത്<br>• ചിഹ്നം ഉറപ്പിക്കൽ<br>• അക്ഷര കാർഡ്<br>• വാക്കുകൾ എഴുതിയ കാർഡ്<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം<br>• അക്ഷരമാല കളികൾ<br>• അക്ഷരമരം നിർമിക്കൽ<br>• കാർട്ടൂൺ പ്രദർശനം<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക | ജൂൺ - ഓഗസ്റ്റ് | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br>ICT | പി.ടി.എ<br>റിസോഴ്സ് അധ്യാപിക |
| | **2. പറയാം പഠിക്കാം**<br>• ചിത്രങ്ങളുടെ പേര് പറയൽ<br>• ചിത്രകഥകൾ<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂൺ - ജൂലൈ | സംസ്കൃത കഥാപുസ്തകം<br>ICT | |
| **2. വീട് ഒരു പരീക്ഷണശാല** (കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക) | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിപ്പിക്കാനുള്ള അവസരം | സെപ്തംബർ - ഒക്ടോബർ | സംസ്കൃതം നിഘണ്ടു | റിസോഴ്സ് അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം/സാമഗ്രികൾ | ചുമതല/സാമ്പത്തികം |
|---|---|---|---|---|
| 3. വായനാലോകം (കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടു വരൽ). | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേജ് ഉറക്കെ വായിക്കുക.<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക.<br>• കൂടുതൽ പുസ്തകങ്ങൽ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6 മാസം | ക്ലാസ് ലൈബ്രറി | റിസോഴ്സ് അധ്യാപിക |
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃത ഭാഷാ പഠന നേട്ടങ്ങൾ | • ക്ലബ് രൂപീകരണം<br>• പഠനോപകരണ നിർമാണം<br>• കലണ്ടർ നിർമാണം<br>• ഗൃഹസന്ദർശനം<br>• പഠനയാത്ര | ജൂൺ- മാർച്ച് | ചാർട്ട്<br>ചിത്രം | റിസോഴ്സ് അധ്യാപിക |
| 5. മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ- മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 6. ആസ്വാദന ലോകം ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി | • നാടകം, കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• എഴുതാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകുന്നു.<br>• മാസത്തിൽ ഒരു തവണ ആസ്വാദന സഭ ചേരുന്നു,<br>• ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | 5 മാസം | സംസ്കൃത ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം/സാമഗ്രികൾ | ചുമതല/സാമ്പത്തികം |
|---|---|---|---|---|
| 7. പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാര പ്രദമായ പഠനോപകരണങ്ങൾ നിർമിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് 0അധ്യാപിക |
| 8. ക്ലാസ് റൂം ആകർഷകം ആക്കുന്നതിന് | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യപ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ഉറുദു

................ടേം പ്രവർത്തന കലണ്ടർ

പ്രവർത്തനം : **1**

പദ്ധതിയുടെ പേര് : **മീഠീ ആവാസ്**

| | |
|---|---|
| ലക്ഷ്യം/ഉദ്ദേശ്യം | വായനയെ പ്രോത്സാഹിപ്പിക്കൽ |
| പ്രക്രിയ | വായന കാർഡുകൾ നൽകി വായനാ മത്സരം നടത്തുന്നു.<br>നന്നായി വായിക്കുന്നവർക്ക് സമ്മാനം നൽകുന്നു. |
| കാലയളവ് | ജൂൺ മുതൽ മാർച്ച് വരെ |
| സാമ്പത്തികം | പി.ടി.എ |
| ഡോക്യുമെന്റേഷൻ | ഫോട്ടോ, വീഡിയോ |
| പ്രചാരണം | സോഷ്യൽ മീഡിയ, ഉറുദു ക്യാമ്പ്, സ്കൂൾ ഗ്രൂപ്പ് |
| മോണിറ്ററിംഗ്/വിലയിരുത്തൽ | ഹെഡ്മാസ്റ്റർ |

പ്രവർത്തനം : **2**

പദ്ധതിയുടെ പേര് : **എഴുത്തിലൂടെ വളരാം**

| | |
|---|---|
| ലക്ഷ്യം/ഉദ്ദേശ്യം | കുട്ടികളിൽ ഉറുദു ഭാഷ എഴുതാനുള്ള താല്പര്യം വർദ്ധിക്കുകയും<br>അതുവഴി ഭാഷാശേഷി കൈവരിക്കുന്നു. |
| പ്രക്രിയ | ആഴ്ചയിൽ ഓരോ അക്ഷരങ്ങൾ നൽകി. പരമാവധി പദങ്ങൾ കണ്ടെത്തി<br>പുസ്തകത്തിൽ എഴുതാൻ പറയുന്നു. അക്ഷര കാർഡുകൾ നൽകി,<br>കളികളിലൂടെ |
| കാലയളവ് | ജൂൺ മുതൽ മാർച്ച് |
| സാമ്പത്തികം | പി.ടി.എ |
| ഡോക്യുമെന്റേഷൻ | ഫോട്ടോ, വീഡിയോ |
| പ്രചാരണം | സോഷ്യൽ മീഡിയ, ഉറുദു ക്യാമ്പ്, സ്കൂൾ ഗ്രൂപ്പ് |
| മോണിറ്ററിംഗ്/വിലയിരുത്തൽ | ഹെഡ്മാസ്റ്റർ |

പ്രവർത്തനം : **3**

പദ്ധതിയുടെ പേര് : **ഹമാരി അതാകാരി**

| | |
|---|---|
| ലക്ഷ്യം/ഉദ്ദേശ്യം | കുട്ടികളിൽ കലാപരമായ കഴിവിനെ വളർത്തിയെടുക്കൽ |
| പ്രക്രിയ | 5, 6, 7 ക്ലാസുകളിലെ പാഠപുസ്തകത്തിലെ കഥകൾ നാടകമായും<br>സംഭാഷണമായും അവതരിപ്പിക്കാനുള്ള അവസരം |
| കാലയളവ് | ജൂൺ മുതൽ മാർച്ച് |
| സാമ്പത്തികം | പി.ടി.എ |
| ഡോക്യുമെന്റേഷൻ | ഫോട്ടോ, വീഡിയോ |
| പ്രചാരണം | സോഷ്യൽ മീഡിയ, സ്കൂൾ ഗ്രൂപ്പ് |
| മോണിറ്ററിംഗ്/വിലയിരുത്തൽ | ഹെഡ്മാസ്റ്റർ |

പ്രവർത്തനം : **4**

പദ്ധതിയുടെ പേര് : **മേരീ ആവാസ് സുനേ**

| | |
|---|---|
| ലക്ഷ്യം/ഉദ്ദേശ്യം | സംഗീത അഭിരുചിയുള്ള കുട്ടികൾക്ക്, പരിപോഷണ പരിപാടി എന്നതാണ് ഉദ്ദേശ്യം. |
| പ്രക്രിയ | 5, 6, 7 ക്ലാസുകളിലെ പാഠപുസ്തകത്തിലെ കഥകൾ നാടകമായും സംഭാഷണമായും അവതരിപ്പിക്കാനുള്ള അവസരം |
| കാലയളവ് | ജൂൺ മുതൽ മാർച്ച് |
| സാമ്പത്തികം | പി.ടി.എ |
| ഡോക്യുമെന്റേഷൻ | ഫോട്ടോ, വീഡിയോ |
| പ്രചാരണം | സോഷ്യൽ മീഡിയ, സ്കൂൾ ഗ്രൂപ്പ് |
| മോണിറ്ററിംഗ്/വിലയിരുത്തൽ | ഹെഡ്മാസ്റ്റർ |

പ്രവർത്തനം : **5**

പദ്ധതിയുടെ പേര് : **ദേകോ ഏക്സവാൽ**

| | |
|---|---|
| ലക്ഷ്യം/ഉദ്ദേശ്യം | ഉറുദു ഭാഷാശേഷി വർദ്ധിപ്പിക്കുക,<br>കുട്ടികളുടെ പൊതുവിജ്ഞാനം വർദ്ധിപ്പിക്കൽ |
| പ്രക്രിയ | ഉറുദു ഭാഷയും സാഹിത്യവും പൊതുവിജ്ഞാനവും ഉൾപ്പട്ട ചോദ്യങ്ങളും ഉത്തരങ്ങളും നൽകുന്നു. ഉറുദു ക്ലബിന്റെ നേതൃത്വത്തിൽ ക്വിസ് മത്സരം നടത്തുന്നു. |
| കാലയളവ് | ജൂൺ മുതൽ ഡിസംബർ |
| സാമ്പത്തികം | പി.ടി.എ, ഉറുദു അധ്യാപകർ |
| ഡോക്യുമെന്റേഷൻ | ഫോട്ടോ, വീഡിയോ |
| പ്രചാരണം | സോഷ്യൽ മീഡിയ |
| മോണിറ്ററിംഗ്/വിലയിരുത്തൽ | ഹെഡ്മാസ്റ്റർ |

പ്രവർത്തനം : **6**

പദ്ധതിയുടെ പേര് : **ഉറുദു ദിനം**

| | |
|---|---|
| ലക്ഷ്യം/ഉദ്ദേശ്യം | ഉറുദു ഭാഷാശേഷി, കലാപരമായ കഴിവുകൾ,<br>പൊതുവിജ്ഞാനം തുടങ്ങിയവ വർദ്ധിപ്പിക്കൽ |
| പ്രക്രിയ | അല്ലാമ ഇക്ബാൽ ടാലന്റ് സ്കൂതലം, അക്ഷരമരം, പോസ്റ്റർ നിർമാണം, മാഗസിൻ തയ്യാറാക്കൽ, ഉറുദു ക്വിസ് |
| കാലയളവ് | ജൂൺ മുതൽ നവംബർ |
| സാമ്പത്തികം | പി.ടി.എ, ഉറുദു അധ്യാപകർ |
| ഡോക്യുമെന്റേഷൻ | ഫോട്ടോ, വീഡിയോ |
| പ്രചാരണം | സോഷ്യൽ മീഡിയ |
| മോണിറ്ററിംഗ്/വിലയിരുത്തൽ | ഹെഡ്മാസ്റ്റർ |

# ENGLISH

English World

മാതൃഭാഷയോടൊപ്പം തന്നെ വളരെ പ്രാധാന്യമുള്ള ഒരു ഭാഷയാണ് ഇന്ന് ഇംഗ്ലീഷ്. ഇംഗ്ലീഷിന്റെ പ്രാധാന്യത്തിൽ ഊന്നിക്കൊണ്ടാണ് ഇന്ന് പൊതുസമൂരം വിദ്യാഭ്യാസത്തെ അളക്കുന്നത്. അതുകൊണ്ടു തന്നെ ഇംഗ്ലീഷിനും പ്രാധാന്യം നൽകിക്കൊണ്ട് കുട്ടികൾക്ക് ഇംഗ്ലീഷിൽ മികച്ച രീതിയിൽ ആശയ വിനിമയം സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് താഴെ ചേർക്കുന്നത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം/സാമഗ്രികൾ | ചുമതല/സാമ്പത്തികം |
|---|---|---|---|---|
| Improve the Reading skill | • ഇംഗ്ലീഷ് ദിനപത്രം വായിക്കാനും കേൾക്കാനും അവസരം നൽകുന്നു.<br>• I Too can - വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റു കൂടാതെ വായിക്കാൻ അവസരം നൽകുന്നു.<br>• Word Smith -പാഠഭാഗത്ത് നിന്നു New word കണ്ടെത്തി ചാർട്ടിൽ എഴുതുകയും ഒരു word smithനെ തിരഞ്ഞെടുക്കുകയും ചെയ്യുന്നു.<br>• One man show - ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ<br>ജൂൺ<br>ആഗസ്ത്<br>സപ്തംബർ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ് |
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കാനും അവസരം കൊടുക്കുന്നു. | Lend your ear - ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു.<br>Follow me if you can! - ഇംഗ്ലീഷിൽ നല്കുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള പരിശീലനം നൽകുന്നു.<br>Breaking News - ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്തു കേൾപ്പിക്കുന്നു.<br>Treasur Hunt- ഒരു ബോക്സിൽ കുറച്ച് സാധനങ്ങൾ സൂക്ഷിക്കുന്നു. ഓരോ കുട്ടിയെയും അതു തൊട്ടറിഞ്ഞ് അതിനെ വിവരിക്കാൻ പറയുന്നു. മറ്റുള്ളവർ സാധനങ്ങൾ എന്താണെന്ന് ഊഹിക്കുന്നു. | ഡിസംബർ<br>സപ്തംബർ<br>ദിവസവും<br>നവംബർ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം/സാമഗ്രികൾ | ചുമതല/സാമ്പത്തികം |
|---|---|---|---|---|
| Improve the writing skills | Magazine - കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ തയ്യാറാക്കുന്നു.<br>Alert Zone- സൂചനാ ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ നിർമ്മിക്കുന്നു.<br>Fun time funda - കടംകഥകൾ, കുസൃതിചോദ്യങ്ങൾ എന്നിവ തയ്യാറാക്കി അവതരിപ്പിക്കുന്നു. | മാർച്ച്<br>ദിനാചരണങ്ങളിൽ<br>ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ് |
| ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മ വിശ്വാസം ഉയർത്തുന്നു. | The Grand Camp - ഇംഗ്ലീഷിൽ പ്രാവീണ്യമുള്ളവ രെയും രക്ഷിതാക്കളെയും ഉൾപ്പെടുത്തി ഒരു One day workshop നടത്തുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ് |

# ഹിന്ദി

**ആമുഖം**

മാതൃഭാഷയിൽനിന്നും വ്യത്യസ്തമായി നിരവധി പ്രശ്നങ്ങൾ ഹിന്ദി വിഷയത്തിന്റെ പഠനത്തിനുണ്ട്. ഹിന്ദി നമ്മുടെ രാഷ്ട്രഭാഷയായി അംഗീകരിച്ചിരിക്കുന്നു. എല്ലാ വിദ്യാർത്ഥികൾക്കും ഹിന്ദി ഭാഷ ഭയം കൂടാതെ സ്വായത്തമാക്കാനുള്ള നിരവധി പ്രശ്നങ്ങൾക്കും പ്രയാസങ്ങൾക്കും അവ പരിഹരിക്കാനുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്.

| പ്രവർത്തനങ്ങൾ | വിശദാംശം | ക്ലാസ് | ലക്ഷ്യം |
|---|---|---|---|
| 1. വായന | ഹിന്ദി കഥാബുക്ക്, കവിതാ ബുക്ക്, ചിത്രബുക്ക്, കടംകഥാ ബുക്ക് | 5, 6, 7 | മുഴുവൻ കുട്ടികളും വായനയിൽ പങ്കെടുക്കുക |
| 2. എഴുത്ത് | ക്ലാസ് മാസിക, ചുമർപത്രിക വായനാ കാർഡ് നിർമാണം | | മോഡൽ നല്കി മത്സരം നടത്തി നല്ലത് കണ്ടെത്തി A4 വ്യത്തിയായി എഴുതി കളർ നൽകി ലാമിനേഷൻ ചെയ്ത് വായനാ കാർഡ് നിർമിക്കുക. |
| 3. ആസ്വാദനം | മുൻകൂട്ടി പ്ലാൻ ചെയ്യണം ഒരിക്കൽ പാടിയ/പറഞ്ഞ കുട്ടികളെ അടുത്ത സഭയിൽ ആസ്വാദകരാക്കുന്നു. (എന്നും ഒരാൾ പാടരുത്) | 5, 6, 7 | പാടാനും പറയാനും കഴിയുന്ന മികച്ച പ്രതിഭകളെ കണ്ടെത്തി മറ്റുള്ള കുട്ടികളെ ആസ്വദിപ്പിക്കുവാനും ശ്രവിക്കാനും അവസരം സൃഷ്ടിക്കാൻ ആസ്വാദനസഭ ചേരുക. |
| 4. മത്സരങ്ങൾ | ക്വിസ്, പദനിർമാണം, പദപ്രശ്നം ഗദ്യവായന കഥ പറയൽ | 5, 6, 7 | സ്കൂളിലെ എല്ലാവരും വിജയി എന്നതിലേക്ക് വ്യത്യസ്ത തലത്തിൽ മത്സരങ്ങൾ നടത്തുക. വിവിധ പസിൽസ് പദപ്പയറ്റ് |
| 5. ദിനാചരണങ്ങൾ | ക്ലാസ് തലത്തിൽ ദിനാചരണത്തിൽ കുട്ടികൾ പോസ്റ്റർ പ്ലക്കാർഡ് എന്നിവ നിർമിക്കൽ | 5, 6, 7 | സ്കൂളിൽ നടക്കുന്ന ദിനാചരണങ്ങളിൽ കുട്ടികൾ ചാർട്ട് പേപ്പറിൽ അധ്യാപകന്റെ സഹായത്തോടെ പോസ്റ്റർ നിർമാണം |
| 6. ഹിന്ദി കയ്യെഴുത്ത് മാസിക | ജൂൺ മാസം മുതൽ ക്ലാസ് തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ ജനുവരി മാസത്തിൽ മാസികയായി പ്രസിദ്ധീകരിക്കുന്നു. | 5, 6, 7 | വിവിധ വർക്കുകളുടെ മാസികാ നിർമാണം |

# അറബിക്

ലക്ഷ്യങ്ങൾ:
1. അറബി അക്ഷരങ്ങളുടെ ഉച്ചാരണം, എഴുത്തുരീതി എന്നിവ മനസ്സിലാക്കി വായിക്കാനും എഴുതാനുമുള്ള കഴിവ്
2. ചിഹ്നങ്ങൾ തിരിച്ചറിഞ്ഞ വായന, പദനിർമാണം, പദശേഖരണം
3. ഉപചാരവാക്കുകൾ മനസ്സിലാക്കുന്നു, പറയുന്നു.
4. കഥ, കവിത എന്നിവ കേട്ട് ആസ്വദിക്കുന്നതിന്
5. മാഗസിൻ നിർമാണം
6. ദിനാചരണങ്ങൾ പരിചയപ്പെടുത്തുന്നു.

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവഹണ കാലയളവ് |
|---|---|---|---|---|---|
| 1. അക്ഷര വായന<br>- എഴുത്ത് രീതി<br>- ചിഹ്നങ്ങൾ ചേർത്ത് വായന | 1. അക്ഷരകാർഡുകൾ നൽകുന്നു<br>2. അക്ഷരങ്ങൾക്ക് നിറം നൽകൽ<br>3. ഉച്ചാരണശുദ്ധിയോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു.<br>4. അക്ഷരങ്ങൾ ഔട്ട്ലൈൻ നൽകി എഴുതാൻ പരിശീലിപ്പിക്കുന്നു.<br>5. ICT ഉപയോഗിക്കുന്നു. | 1. തെറ്റായ രീതിയിൽ നൽകി കുട്ടി അക്ഷരങ്ങൾ തിരിച്ചറിയുന്നുണ്ടോ എന്ന് പരീക്ഷിക്കുന്നു.<br>2. രക്ഷിതാവിന്റെ സഹായത്താൽ കുട്ടിയെ പരിശീലിപ്പിക്കുന്നു.<br>3. അക്ഷരപഠന സഹായി ഉപയോഗിക്കുന്നു.<br>4. വീടുകളിൽ അക്ഷരച്ചാർട്ട് | 1. കുട്ടികൾ വായിക്കുന്നു. ഉച്ചാരണശുദ്ധി ഉണ്ടാകുന്നു.<br>2. ചിഹ്നങ്ങൾ തിരിച്ചറിയുന്നു. | CPTA | ജൂൺ-<br>ജൂലൈ<br>ആഗസ്ത് |
| പദനിർമ്മാണം<br>പദശേഖരണം | 1. അക്ഷരക്കാർഡുകൾ നൽകി പദങ്ങൾ നിർമിക്കാൻ പരിശീലനം നൽകുന്നു.<br>2. പാഠപുസ്തകങ്ങൾക്ക് പുറമെ പുതിയ പദങ്ങൾ ശേഖരിക്കാൻ അവസരം നൽകാം.<br>3. പദനിർമാണമത്സരങ്ങൾ നടത്തുന്നു. | രക്ഷിതാവിന്റെ സഹായത്തോടെ പരിശീലിപ്പിക്കുന്നു.<br>ഒഴിവ് വേളകളിൽ അധിക പ്രവർത്തനങ്ങൾ നൽകാം | | CPTA | ഓഗസ്ത്<br>സെപ്തംബർ<br>ഒക്ടോബർ |

| ഉപലക്ഷ്യങ്ങൾ | ഉപലക്ഷ്യങ്ങൾ നടപ്പിൽ വരുത്താൻ കണ്ടെത്തിയ പരിപാടികൾ | നടപ്പിൽ വരുത്തുന്ന പ്രവർത്തനങ്ങ ളുടെ സൂക്ഷ്മാസൂത്രണം | ഓരോ ഘട്ടത്തിലെയും പ്രതീക്ഷിത തെളിവുകൾ | പൊതുസമൂഹ ത്തിന്റെ മുൻപിൽ പങ്കിടുന്ന രീതികൾ | നിർവഹണ കാലയളവ് |
|---|---|---|---|---|---|
| ഉപചാര വാക്കുകൾ മനസ്സിലാക്കുന്നു. | പാഠപുസ്കത്തിലെ ഉപചാര വാക്കുകൾ<br>.............................................<br>നിത്യേന ക്ലാസിൽ സന്ദർഭങ്ങൾക്ക് അനുസരിച്ച് ഉപയോഗിക്കുന്നു. | വീടുകളിലും സന്ദർഭത്തിനനുസരിച്ച് പറഞ്ഞുശീലിക്കാൻ. | | CPTA | ഓഗസ്ത്<br>സെപ്തംബർ<br>ഒക്ടോബർ<br>നവംബർ |
| കവിത കേട്ട് ആസ്വദിക്കുന്നു.<br><br>മാഗസിൻ നിർമാണം | ചെറിയ കവിതകൾ, കഥകൾ വായിച്ച് അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങൾ ഉപചാരമാക്കുക, പുതിയ പദങ്ങൾ എന്നിവ തിരിച്ചറിയുകയും വായിക്കാൻ പരിശീലിപ്പിക്കുകയും ചെയ്യുന്നു. ചിത്രങ്ങൾ വരക്കാം | ചെറിയ കഥാകവിത ബുക്കുകൾ വീടുകളിൽ നൽകി രക്ഷിതാവിന്റെ സഹായത്തോടെ വായിക്കാൻ പരിശീലിപ്പിക്കുന്നു.<br>ക്ലാസിൽ പദങ്ങൾ കണ്ടെത്തി മത്സരം നടത്തുന്നു. | ചിത്രങ്ങൾ, അക്ഷരങ്ങൾ, പദങ്ങൾ, ഉപചാരവാക്കുകൾ, കഥ, കവിത ശേഖരിച്ചത് ഇവയെല്ലാം ഉൾപ്പെടുത്തി ഒരു മാഗസിൻ നിർമാണം | CPTA | ഡിസംബർ-മാർച്ച് |
| ദിനാചരണങ്ങൾ പരിചയപ്പെടൽ | ഓരോ ദിനാചരണത്തിന്റെയും ഭാഗമായി അറബിയിലുള്ള പ്ലക്കാർഡുകൾ നിർമിച്ച് ചെറിയ വിവരങ്ങൾ നല്കുന്നു. | രക്ഷിതാവിന്റെ സഹായത്തോടെ ചിത്രങ്ങൾ വരയ്ക്കുന്നതിനും സഹായം തേടുന്നു | | | ജൂൺ-മാർച്ച് |

# അടിസ്ഥാന ശാസ്ത്രം

ശാസ്ത്രപഠനത്തിലൂടെ മുഴുവൻ കുട്ടികളെയും ശാസ്ത്രബോധമുള്ളവരാക്കി മാറ്റുക എന്നത് ഏറെ പ്രധാനമാണ്. മണ്ണിനേയും പ്രകൃതിയേയും സ്നേഹിക്കാനും സംരക്ഷിക്കാനും പരിസ്ഥിതി സൗഹൃദപരമായ ബോധവും, മാലിന്യനിർമ്മാർജനബോധവും കൂടി കുട്ടികളിൽ ശാസ്ത്രപഠനത്തിലൂടെ ഉണ്ടാകേണ്ടതുണ്ട്. അടിസ്ഥാനശേഷി വികാസത്തോടൊപ്പം ശാസ്ത്രീയ മനോഭാവം വളർത്താനുതകുന്ന പ്രവർത്തനങ്ങളും വിദ്യാലയത്തിൽ അനിവാര്യമാണ്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം/സാമഗ്രികൾ | ചുമതല/സാമ്പത്തികം |
|---|---|---|---|---|
| 1. മുന്നറിവ് പരിശോധന | പ്രീ-ടെസ്റ്റ് | ജൂൺ | ശാസ്ത്രാധ്യാപകർ | |
| 2. ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ അറിയാൻ | • ജൈവ വൈവിധ്യ പാർക്ക്, ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, കുളം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ജൈവ വൈവിധ്യ പാർക്ക് | ജൂൺ-ഓഗസ്ത് | ശാസ്ത്രാധ്യാപകർ, സയൻസ് ക്ലബ് | |
| | • നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കളുപയോഗപ്പെടുത്തി രസകരമായ പരീക്ഷണങ്ങളും ശാസ്ത്രകിറ്റുകളും നിർമിക്കുന്നു.<br>• പഠന യാത്ര | ആവശ്യാനുസരണം | ശാസ്ത്രാധ്യാപകർ | |
| 3. ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക.<br>ആധുനിക ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർധിപ്പിക്കുക | • ശാസ്ത്രക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെടുത്തി പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കുന്നു. | ആവശ്യാനുസരണം (ജൂലൈ-ഓഗസ്ത്) | അധ്യാപകർ | |
| 4. ബഹിരാകാശ മേഖലയെക്കുറിച്ച് കൂടുതൽ അറിയുന്നതിന് | • പ്ലാനറ്റോറിയം സന്ദർശനം | സപ്തംബർ-ഒക്ടോബർ | ശാസ്ത്രാധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം/സാമഗ്രികൾ | ചുമതല/സാമ്പത്തികം |
|---|---|---|---|---|
| 5. പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കുന്നതിനും അറിവ് നിർമാണത്തിനും സർഗാത്മകത വളർത്തിയെടുക്കുന്നതിനും | • Innovation ശിൽപശാല | ജനുവരി | ശാസ്ത്രാധ്യാപകർ | |
| 6. കൃഷിയുടെ വിവിധ ഘട്ടങ്ങൾ പരിചയപ്പെടൽ. കൃഷി വിളകളിലെ പോഷകങ്ങൾ തിരിച്ചറിയൽ, ആരോഗ്യ സംരക്ഷണം | • പച്ചക്കറിത്തോട്ട നിർമ്മാണം, ഗ്രോബാഗുകളിൽ വളർത്താൻ കഴിയുന്ന കൃഷികളെ തിരഞ്ഞെടുത്ത് കാർഷിക ക്ലബ്ബിന്റെ നേതൃത്വത്തിൽ പച്ചക്കറി തോട്ടം നിർമ്മിക്കുന്നു. | സപ്തംബർ- മാർച്ച് | ശാസ്ത്രാധ്യാപകർ | |
| 7. ശാസ്ത്രാവബോധം വളർത്തിയെടുക്കുന്നതിന് | • സ്കൂൾ ശാസ്ത്രമേള (ആധുനിക ശാസ്ത്രലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി) | ഒക്ടോബർ | ശാസ്ത്രാധ്യാപകർ | |
| 8. ദേശീയ ശാസ്ത്രദിനം | • ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ | ഫെബ്രുവരി | | |
| 9. ശാസ്ത്രതത്വങ്ങൾ മനസ്സിലാക്കുന്നതിന് | • പഠനോത്സവം | മാർച്ച് | ശാസ്ത്രാധ്യാപകർ | |

# പരിസര പഠനം

പ്രവർത്തനം : 1
പേര് : **ശാസ്ത്രപഠനോപകരണ ശില്പശാല**
ഉപമേഖല: **ലാബ് ശാക്തീകരണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രീയ പ്രക്രിയ ശേഷികൾ വികസിപ്പിക്കുക | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശിൽപ ശാലകൾ, വർക്ക്ഷോപ്പുകൾ സംഘടിപ്പിക്കൽ | ഓരോ ടേമിലും | ക്ലാസ് ടീച്ചർ | 4000 |

പ്രവർത്തനം : 2
പേര് : **എന്റെ പരീക്ഷണം (കുറിപ്പ് തയ്യാറാക്കൽ) നാലാം ക്ലാസ്**
ഉപമേഖല : **ശാസ്ത്ര അവബോധം വളർത്തൽ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപഠന താൽപര്യം വളർത്തുക, ശാസ്ത്രാവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്ന തരത്തിൽ പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ | എല്ലാ മാസത്തിലും | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : **പരീക്ഷണ കിറ്റ്**
ഉപമേഖല : **നിരീക്ഷണ പ്രവർത്തനങ്ങൾ**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രപ്രക്രിയാ ശേഷികളുടെ വളർച്ചക്കിണങ്ങും വിധമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക | മുഴുവൻ കുട്ടികൾക്കും (3, 4 ക്ലാസ്) ശാസ്ത്ര പരീക്ഷണങ്ങൾക്കിണങ്ങുംവിധം ആവശ്യമായ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് പരീക്ഷണക്കിറ്റ് തയ്യാറാക്കൽ | മാർച്ച്, ജൂൺ മുതൽ | ക്ലാസ് ടീച്ചർ | 3000 |

പ്രവർത്തനം : **4**
പേര് : **പരീക്ഷണോത്സവം**
ഉപമേഖല : **ശാസ്ത്രാന്വേഷണം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രവിഷയങ്ങളിലുള്ള താല്പര്യവും മനഃശാസ്ത്രപരമായ ഉത്സാഹവും വളർത്തുക | ക്ലാസ് മുറികളിൽ ശാസ്ത്രപ്രയോഗങ്ങൾ കാണിച്ച് അർത്ഥമാക്കുന്നതും കുട്ടികൾക്ക് അതിൽ പങ്കാളികളാകുന്നതുമാണ് പരീക്ഷണോത്സവത്തിലൂടെ ലക്ഷ്യം. | എല്ലാ മാസവും | ക്ലാസ് ടീച്ചർ<br>ശാസ്ത്രക്ലബ്ബ് | 2000 |

# ഗണിതം

**ആമുഖം**: ഗണിതശാസ്ത്രപഠനം എന്നത് അതു നൽകുന്ന നേട്ടങ്ങൾ കാരണം കുട്ടികൾക്ക് അവരുടെ ജീവിതത്തിൽ വളരെയേറം പ്രാധാന്യമുള്ളതാണ്. ഗണിതത്തോട് കുട്ടികൾക്കുള്ള പേടി മാറ്റി ഗണിതം രസകരമാക്കുകയും ദൈനംദിന ജീവിതത്തിലെ സന്ദർഭങ്ങളോട് ചേർത്ത് നിർത്തി ഗണിതപഠനം ലളിതവും ഹൃദ്യവുമാക്കി മാറ്റുക എന്നതാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികൾക്കും എത്തിക്കുക. | ഗണിത ലാബ് (ഗണിതമധുരം)<br>കുട്ടികൾക്ക് സ്വതന്ത്രരായി ഇടപഴകാൻ സഹായകമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കൽ | 2025-26 | സ്കൂൾ മാനേജ്മെന്റ് | 15000 |
| 2. അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലും ആർജ്ജിക്കുന്നതിന് | ഗണിതമൂല<br>മുഴുവൻ ക്ലാസിലും ഗണിതമൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളിനോട്ട്, കാർഡുകൾ തുടങ്ങിയവ) | ജൂൺ | ക്ലാസ് ടീച്ചർ | 2000 |
| 3. ഓരോ ക്ലാസിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കുന്നുവെന്ന് ഉറപ്പാക്കൽ | യൂണിറ്റ് വിലയിരുത്തൽ<br>ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണയം നടത്തി പരിഹാരബോധനം ഉറപ്പുവരുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| 4. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിതമധുരം<br>ഗണിതത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പഠനപദ്ധതി ആസൂത്രണം ചെയ്യൽ. | | ഗണിത അധ്യാപകർ | |
| 5. രസകരമായ ഗണിതശാസ്ത്ര പഠനവും കരചലനശേഷികളുടെ വികാസവും | ഒറിഗാമി ശിൽപശാല<br>ജാപ്പാനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിലുള്ള പരിശീലനം നല്കൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം/സാമഗ്രികൾ | ചുമതല/സാമ്പത്തികം |
|---|---|---|---|---|
| 6. ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാ സാധ്യതകൾ ഗണിതപഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 7. ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കൽ | ഗണിതഗ്രാമം<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ ഒന്നോ രണ്ടോ തവണ | ഗണിത അധ്യാപകർ<br>ക്ലബ്ബ് ലീഡർമാർ | |

# സാമൂഹ്യശാസ്ത്രം

**ആമുഖം**: കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ കുട്ടികളും നേടേണ്ടതുണ്ട്. ക്ലാസ് മുറികളിൽ സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയാണ് ലക്ഷ്യമിടുന്നത്. സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് അക്കാദമിക മികവിന് ഉപകരിക്കും വിധത്തിൽ വിവിധ പ്രവർത്തനങ്ങൾ മുന്നോട്ട് വെക്കുന്നു. മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ അദ്ധ്യാപനവും അദ്ധ്യായവും സർഗാത്മകവും രസകരവുമാക്കാൻ മാസ്റ്റർ പ്ലാൻ ഉപകരിക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് അടിസ്ഥാന അറിവുകൾ നേടുന്നതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾക്ക് പ്രവർത്തനങ്ങൾ നൽകൽ. | 2025-26 | സ്കൂൾ മാനേജ്മെന്റ് | 15000 |
| 2. പഠിതാക്കളെ ചരിത്രബോധമുള്ളവരാക്കുക. ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുന്നു. | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ, വിനോദയാത്രകൾ തുടങ്ങിയവ സംഘടിപ്പിക്കുന്ന ചരിത്ര-സിനിമാ പ്രദർശനം. | ജൂൺ | ക്ലാസ് ടീച്ചർ | 2000 |
| 3. ജനാധിപത്യം ഒരു ജീവിതശൈലിയാണെന്നും പൗരബോധം, മൂല്യബോധം എന്നിവ വളർത്തുക. | സ്കൂൾ പാർലമെന്റ്, മോക് പാർലമെന്റ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| 4. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും അനുബന്ധ വിഷയങ്ങളെ കുറിച്ച് ബോധവാൻമാരാക്കുക. | ICT ഉപയോഗിച്ച് ഭൂമിയുടെ പ്രത്യേകതകൾ വീഡിയോ പ്രദർശനം നടത്തി കുട്ടികളെ ബോധവാൻമാരാക്കുന്നു. | | ഗണിത അധ്യാപകർ | |
| 5. പ്രകൃതി ദുരന്തങ്ങളെ കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപ്പൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങളുടെ ചിത്രങ്ങൾ, വീഡിയോ എന്നിവയുടെ പ്രദർശനത്തിലൂടെ കുട്ടികളിൽ അവബോധമുണ്ടാക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിശകലനം |
|---|---|---|---|---|---|
| 6. കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ പൊതുവിജ്ഞാനം വളർത്തുക. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ് മത്സരങ്ങൾ, ദിനാചരണങ്ങൾ, സംവാദം എന്നിവ സംഘടിപ്പിക്കുന്നു. | | | | |
| 7. ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥലനിർണയം നടത്തുവാൻ പഠിക്കുക. | ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് നിർമാണവും പരിചയപ്പെടുത്തലും. | | | | |
| 8. സ്വാതന്ത്ര്യം, ദേശീയത, ദേശസ്നേഹം, രാജ്യത്തെക്കുറിച്ചുള്ള അറിവ് എന്നിവ വിദ്യാർത്ഥികളിൽ ഉണ്ടാക്കുക. | സ്വാതന്ത്ര്യദിനാഘോഷത്തിന്റെ ഭാഗമായി സോഷ്യൽസയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സ്വാതന്ത്ര്യദിന ക്വിസ് മത്സരം, സമരസേനാനികളുടെ വേഷപ്പകർച്ച, റാലി തുടങ്ങിയവ സംഘടിപ്പിക്കൽ | | | | |
| 9. യുദ്ധം നാടിന് വിപത്താണ്, അത് മനുഷ്യനന്മയുടെ ഭാഗമല്ല എന്ന തിരിച്ചറിവ് കുട്ടികളിൽ ഉണ്ടാക്കുക. | ICT ഉപയോഗിച്ച് യുദ്ധത്തിന്റെ ബുദ്ധിമുട്ടുകൾ മനസ്സിലാക്കിക്കുന്നു. സിനിമ പ്രദർശനം (യുദ്ധവുമായി ബന്ധപ്പെട്ട് പോസ്റ്റർ നിർമാണം) | | | | |
| 10. കുട്ടി തന്റെ ഗ്രാമത്തേയും പ്രദേശത്തേയും അറിയൽ | തന്റെ ഗ്രാമത്തെക്കുറിച്ച് അറിയുന്നതിനായി ഗ്രാമസന്ദർശനം, ഗ്രാമത്തിന്റെ ഭാവനചിത്ര നിർമാണം, അഭിമുഖം, നാട്ടിലെ ഉത്സവങ്ങൾ, ചിത്രശേഖരണം എന്നിവ തയ്യാറാക്കൽ | | | | |
| 11. കൃഷിയും ആഹാരസമ്പാദനവും വ്യായാമത്തിന്റെ പ്രാധാന്യവും കുട്ടികളിൽ അവബോധം സൃഷ്ടിക്കുക | സ്കൂളിൽ കൃഷിത്തോട്ട നിർമ്മാണം, കാർഷിക ഉൽപന്നങ്ങൾ സ്കൂൾ ഭക്ഷണശാലയിലേക്ക് ഉപയോഗപ്പെടുത്തൽ, വ്യായമ പരിശീലനം നൽകുക. | | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം | വിശകലനം |
|---|---|---|---|---|---|
| 12. കാർഷിക തൊഴിലാളികളുടെ വൈവിധ്യത്തെക്കുറിച്ച് കുട്ടികളിൽ അറിവുണ്ടാക്കുക. | പ്രദേശത്തെ കർഷകനുമായി സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ അഭിമുഖം നടത്തുക. | | | | |
| 13. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചറിയുവാൻ വിദ്യാർത്ഥികളെ താല്പര്യപ്പെടുത്തുന്നു | പ്രദേശത്തെ ഒരു തൊഴിൽ സംരംഭം സന്ദർശിച്ച് വിവരങ്ങൾ മനസ്സിലാക്കുന്നു. തൊഴിൽ സംരംഭകരുമായി അഭിമുഖം. | | | | |
| 14.സാമൂഹ്യശാസ്ത്ര നൂതന - അറിവുകൾ കണ്ടെത്തലുകൾ പ്രദർശനം | സാമൂഹ്യശാസ്ത്ര ബുള്ളറ്റിൻ ബോർഡ്<br>എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും പറ്റുന്ന രീതിയിൽ സ്കൂളിൽ ഒരു കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്തു ഒട്ടിക്കലും. | | | | |

# പ്രവൃത്തി പരിചയം

**ആമുഖം**: നിത്യജീവിതത്തിൽ കുട്ടുക്കും സമൂഹത്തിനും ആവശ്യമായ അടിസ്ഥാന ജീവിത ഘടകങ്ങളുമായി ബന്ധപ്പെട്ടതും, കുട്ടിയുടെ സമഗ്ര വികസനത്തിന് ഉതകുന്നതുമായ പ്രവർത്തനങ്ങളാണ് പ്രവൃത്തി പരിചയ പഠനത്തിന്റെ ഉൾപ്പെടുത്തിയിട്ടുള്ള പഠനമേഖലകൾ.

പ്രവർത്തനം : **1**
പേര് : **പ്രവൃത്തി പരിചയ ശിൽപശാല**
ഉപമേഖല : **നിർമ്മാണ കഴിവുകൾ വികസിപ്പിക്കുക.**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. നിർമ്മാണത്തിനുള്ള കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ<br>നിർമ്മാണം: ചന്ദനത്തിരി, പാവ, ചോക്ക്<br>ഭക്ഷണ സാധനങ്ങൾ നിർമ്മിക്കൽ:<br>ഫ്രൂട്ട് സലാഡ്, അച്ചാർ, ഉപ്പിലിട്ടത്, പാനീയങ്ങൾ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ | |

പ്രവർത്തനം : **2**
പേര് : **പേപ്പർ ബാഗ് നിർമ്മാണം**
ഉപമേഖല : **പ്ലാസ്റ്റിക് രഹിത ക്യാമ്പസ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക | പേപ്പർ ബാഗ് നിർമ്മാണ പരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക. | ജൂൺ - മാർച്ച് | SSG | |

പ്രവർത്തനം : **3**
പേര് : **ഒറിഗാമി**
ഉപമേഖല : **കരകൗശല പരിശീലനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. നിർമ്മാണത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക<br>ദിനാചരണങ്ങൾ - ആഘോഷങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | പേപ്പർ ബാഗ് നിർമ്മാണ പരിശീലനം വിദ്യാലയത്തിൽ ആരംഭിക്കുക.<br>ആശംസാകാർഡ് നിർമ്മാണം<br>നക്ഷത്രങ്ങൾ, പൂക്കൾ, മാലകൾ, ആഭരണങ്ങൾ | ജൂൺ - മാർച്ച് | SSG | |

# Health & Physical Education

| മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1. Health & Physical Education - UP | സ്കൂളിലെ മുഴുവൻ കുട്ടികളുടെയും ആരോഗ്യസംബന്ധവും, പ്രകടന സംബന്ധമായ കായികക്ഷമത മെച്ചപ്പെടുത്തുക. | ക്ലാസ് സമയത്തും ഒഴിവു സമയത്തും ക്ലാസ് തലത്തിൽ പരിശോധന നടത്തുക. കുട്ടികളുടെ ആരോഗ്യ സംബന്ധമായതും മാനസിക സംബന്ധമായതുമായ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുക.<br>ഫിറ്റ്നസ് പരിശോധന, വ്യക്തി ശുചിത്വം എന്നിവ പരിശോധിക്കുക | ജൂൺ- ആഗസ്ത് | Physical Education Teacher<br>,, | |
| 2. Performance Test LP to UP | സബ്ജില്ലാ തലത്തിലേക്കും ജില്ലാ തലത്തിലേക്കും കൂടുതൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക. | വ്യക്തിഗത മാസ്റ്റർപ്ലാനും Sports Prograssive Chartഉം തയ്യാറാക്കിക്കൊണ്ടുള്ള പരിശീലനം സംഘടിപ്പിക്കുക. | ജൂൺ- നവംബർ | സ്കൂൾ | |
| 3. Health & Physical Education | Healthy Kids പദ്ധതി വിജയിപ്പിക്കുക. | LP ടീച്ചേഴ്സിന്റെ സഹകരണത്തോടെ Heathy Kids ഉള്ളടക്ക വിനിമയം. | ജനുവരി - മാർച്ച് വരെ | | |
| 4. Health &Physical Education | Kid Athletics Promote ചെയ്യുക. | എൽ.പി ക്ലാസിലെ അധ്യാപകരുടെ പങ്കാളിത്തത്തോടയുള്ള പ്രവർത്തനം. | ആഗസ്ത്- ഡിസംബർ | | |
| 5. Health &Physical Education - UP | Health & Physical Education Bookന്റെ ഫലപ്രദമായ വിനിമയം ഉറപ്പു വരുത്തുക. | Physical Education Teacher കുട്ടികളുടെ ബുക്ക് പരിശോധന നടത്തുക. വേണ്ട നിർദ്ദേശങ്ങൾ നൽകുക. | ജൂൺ - ഫിബ്രുവരി | | |
| 6. Practical Class UP | മാനസ്സികവും ശാരീരികവുമായ സന്തോഷം കുട്ടികൾക്ക് നൽകുക. | PT പിരീഡിൽ കുട്ടികളെ കായികപരമായ പ്രവർത്തനങ്ങളിൽ പങ്കെടുപ്പിക്കുക. | ജൂൺ - ഡിസംബർ | | |

| മേഖല | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല /സാമ്പത്തികം |
|---|---|---|---|---|
| 7. Athletics & Games | കുട്ടികളെ അവർക്ക് ഇഷ്ടമുള്ള ഗെയിം അല്ലെങ്കിൽ അത്‌ലറ്റിക് മത്സരങ്ങളിൽ പങ്കെടുപ്പിക്കുക. | മികച്ച രീതിയിൽ പരിശീലനം കൊടുക്കുക. (Football, Athletics ഇനങ്ങൾ Shuttle Bat, Volley ball) | ആഗസ്ത് - ജനുവരി | PT Teacher<br>പരിശീലനത്തിന് ആവശ്യമായ ഉപകരണങ്ങൾ വാങ്ങാൻ PTAയുടെ ഭാഗത്ത് നിന്നും സഹകരണം ഉണ്ടാവും.<br>ആവശ്യമായ സാധനങ്ങൾ<br>ഫുട്ബോൾ - 2 എണ്ണം<br>ഷട്ടിൽ ബാഡ്മിന്റൺ ബാറ്റ് - 6 എണ്ണം<br>കോർക്ക് 3 ബോക്സ്<br>Long jump pit |
| 8. മാനസികവും ശാരീരികവുമായ സന്തോഷം | കുട്ടികളിലെ പിരിമുറുക്കം കുറയ്ക്കുക. | എയ്റോബിക്സ്, ലഘുവ്യായാമം, സൂംബ പോലുള്ള പ്രവർത്തനങ്ങൾ കുട്ടികൾക്ക് എത്തിക്കുക. | ജൂൺ - ജനുവരി | PTA Teacher |